**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ (പി &എം) ശ്രീമതി.ബീമ.എഫ്-ന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ചുകൊണ്ടും ടിയാൾ കൈപ്പറ്റിയ പലിശരഹിത വായ്പ ക്രമീകരിച്ചുകൊണ്ടും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി) നമ്പർ. 198/2017/തസ്വഭവ, തിരുവനന്തപുരം, തീയതി,24.01.2017.

---

പരാമർശം :

1. 12/06/2014 ലെ സ.ഉ.(ആർറ്റി) നം.1503/2014/തസ്വഭവ.
2. ശ്രീമതി.ബീമ.എഫ്, എക്സ്റ്റൻഷൻ ഓഫീസർ (പി &എം ) സമർപ്പിച്ച 17/07/2014 ലെ അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 01/08/2015, 22/06/2016 എന്നീ തീയതികളിലെ 7301/എസ്റ്റാ.സി1 /15/സിആർഡി നമ്പർ കത്തുകൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 06/05/2016 ലെ എം.ആർ.1/14284/2016/ ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ (പി &എം) ശ്രീമതി.ബീമ.എഫ്-ന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ കാൻസർ ചികിത്സയ്ക്ക് പലിശരഹിത മെഡിക്കൽ വായ്പയായി 1,00,000/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ടി ചികിത്സയ്ക്ക് ചെലവായ തുകയിൽ, അനുവദനീയമായ തുകയായി ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ച തുകയായ 1,16,680/- രൂപയിൽ നിന്ന് പലിശരഹിത മെഡിക്കൽ വായ്പയായി അനുവദിച്ച 1,00,000/- രൂപ തട്ടിക്കിഴിച്ചതിനുശേഷമുള്ള ബാക്കി തുകയായ 16,690/- രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആയി അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ (പി &എം) ശ്രീമതി.ബീമ.എഫ്-ന് നടത്തിയ ചികിത്സ ആർ.സി.സി-യിൽ ആയതിനാൽ പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന 100% തുകയായ 1,16,680/- രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം)മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി അനുവദിച്ചുകൊണ്ടും ടി തുകയിൽ നിന്നും പലിശരഹിത ചികിത്സാ വായ്പയായി നേരത്തേ അനുവദിച്ചിരുന്ന 1,00,000/- രൂപ തട്ടിക്കിഴിച്ച് ബാക്കി തുകയായ 16,680/- രൂപ (പതിനാറായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) ടിയാൾക്ക് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീമതി.ബീമ.എഫ്, എക്സ്റ്റൻഷൻ ഓഫീസർ (പി &എം) ബ്ലോക്ക് പഞ്ചായത്ത്, ചിറയിൻകീഴ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചിറയിൻകീഴ്, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
6) ഇൻഫർമേഷൻ കേരള മിഷൻ
7) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ